(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളുടെ പരിധി വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് നഗരസഭകളുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എന്തു തീരുമാനം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സംവിധാനങ്ങളിലൂടെയുള്ള അർത്ഥ പൂർണ്ണമായ വളർച്ചയും വികസനവും ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സമീപ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചിലവ തിരുവനന്തപുരം, കൊച്ചി നഗരസഭകളോട് കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളിന്മേൽ നഗരസഭകൾ തങ്ങളുടെ അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭകളോട് കടകംപള്ളി, ആറ്റിപ്ര, ഉള്ളൂർ, നേമം, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സംവിധാനങ്ങളിലൂടെ അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

230 (296) കുടികിടപ്പു കേസ്സുകൾ ലാന്റ് ട്രൈബ്യൂണലിന് വിടുന്നതിന് നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടികിടപ്പാണെന്ന് തീർപ്പുകൽപ്പിക്കുവാൻ വിദൂരസാദ്ധ്യതപോലുമില്ലാത്ത കേസ്സുകൾ ലാൻഡ് ട്രൈബ്യൂണലിന് വിടേണ്ടതില്ലെന്ന് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ വിധി സംസ്ഥാനത്തെ കുടികിടപ്പുകേസ്സുകളെ എങ്ങനെ ബാധിക്കുമെന്ന് അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)-(ഡി)ചോദ്യം ഉദിക്കുന്നില്ല.

231 (1410) വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമേഖലയിലേതടക്കമുള്ള വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട് രൂപീകരിച്ചതിനുശേഷം ഇപ്രകാരമുള്ള ഏതൊക്കെ സ്ഥാപനങ്ങളുടെ നവീകരണം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുനരുദ്ധാരണ ഫണ്ടിന്റെ രൂപീകരണത്തിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും വികസന കോർപ്പറേഷൻ നിർത്തലാക്കാനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ പൂട്ടാനും തീരുമാനമെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ടെൽക്, ഓട്ടോകാസ്റ്റ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, കേരള ഗാർമെന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നവീകരണത്തിനായി അടിയന്തിര ധനസഹായം നൽകിക്കഴിഞ്ഞു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

232 (1411) വ്യവസായ നിക്ഷേപം

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം കേരളത്തിലെ വ്യവസായ നിക്ഷേപം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്;

(സി) പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly